**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2833

20.03.2015 -ൽ മറുപടിക്ക്

**കൊട്ടാരക്കര റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ഉളള ഭൂമി വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട ഫയൽ (U3-6623/13) റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത് എന്നാണ്; | (എ) 05.02.2013-ലാണ് റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത്. |
| (ബി) പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കമോ;<br><br>(സി) പ്രസ്തുത ഫയലിന്മേൽ അടിയന്തരമായി തീർപ്പുണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി)&(സി) നിർദ്ദിഷ്ട ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച വ്യക്തമായ തീരുമാനമെടുത്തതിന് ശേഷം റവന്യൂ ഭൂമിയാക്കി മാറ്റുന്നതിനായി കൊല്ലം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ 20.03.2013-ൽ ജലവിഭവ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ജലവകുപ്പിന്റെ ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുവാനും നിലവിലെ വ്യവസ്ഥകൾ പാലിച്ച് ഭൂമി കൈമാറ്റത്തിനുളള പ്രൊപ്പോസൽ സമർപ്പിക്കാൻ 31.01.2014-ൽ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ 27.09.2014-ൽ ജില്ലാകളക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 03.12.2014-ൽ ആഭ്യന്തര വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയും 20.01.2015-ൽ ഫയൽ തിരികെ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ഭൂമി കൈമാറി നൽകുന്നതിനുളള അനുമതി തേടുന്നതിനായി 11.03.2015-ൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ആയത് ആ വകുപ്പിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**